LIBRARY ARCHIVES Kerala Legislative Assembly

ഹിരണ്യനല്ലൂർ ക്ഷേത്രാഗ്നിബാധ - ക്രൈംബ്രാഞ്ച് അന്വേഷണം

217 (223) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ളതായ നൂറ്റാണ്ടുകൾ പഴക്കമേറിയ ഹിരണ്യനല്ലൂർ ക്ഷേത്രം സംശയാസ്പദമായ സാഹചര്യത്തിൽ അഗ്നിബാധക്കിരയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസ്സന്വേഷണത്തിൽ ലോക്കൽ പോലീസിന്റെ നിഷ്ക്രിയത്വം സബ്മിഷനിലൂടെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേസ്സ് ക്രൈംബ്രാഞ്ചിന് കൈമാറാമെന്ന് മറുപടി നൽകിയിട്ടുണ്ടോ;

(സി) അനുബന്ധ മറുപടിയിന്മേൽ ബന്ധപ്പെട്ട കേസ്സ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ ;

(ഡി) തികച്ചും സംശയാസ്പദമായ സാഹചര്യത്തിൽ നടന്ന ഈ ക്ഷേത്രത്തിലെ അഗ്നിബാധയിന്മേലുള്ള അന്വേഷണം ക്രൈംബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള കാലവിളംബത്തിന് കാരണം വെളിപ്പെടുത്തുമോ;

(ഇ) ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിക്കുമെന്ന സഭയിൽ നൽകിയിരുന്ന ഉറപ്പ് സമയബന്ധിതമായി പാലിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഇ) ഉണ്ട്. ക്രൈം നമ്പർ 2000/2014-ാം നമ്പരായി അടൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഹിരണ്യനല്ലൂർ ക്ഷേത്രാഗ്നിബാധ ക്രൈംബ്രാഞ്ച് അന്വേഷണത്തിനായി 19-2-2015-ലെ ഡി5/152218/2014 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന പോലീസ് മേധാവി ക്രൈംബ്രാഞ്ചിന് കൈമാറുകയും ടി കേസ് ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 08/CR/OCW -1/TVM/15 പ്രകാരം റീ-നമ്പർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിന്റെ സി.ഡി.ഫയൽ 3-3-2015-ന് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. ടി കേസ് ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്.

കൊലപാതകങ്ങളുടെ എണ്ണം

218 (224) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ വർഷവും എത്ര കൊലപാതകങ്ങൾ നടന്നെന്ന് വെളിപ്പെടുത്താമോ ;

(സി) 2011 മേയ് മുതൽ നാളിതുവരെ എത്ര സി.പി.ഐ (എം) പ്രവർത്തകർ കൊല ചെയ്യപ്പെട്ടെന്ന് വിശദമാക്കാമോ ;

(ഡി) സി.പി.ഐ(എം) പ്രവർത്തകരെ കൊലപ്പെടുത്തിയ കേസുകളിൽ ഓരോ കേസിലെയും പ്രതികളുടെ രാഷ്ട്രീയ ബന്ധം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 1407 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഓരോ വർഷവും എത്ര കൊലപാതകങ്ങൾ നടന്നുവെന്നുള്ള വിവരം ചുവടെ ചേർക്കുന്നു :

18-5-2011 മുതൽ 31-12-2011	2012	2013	2014	2015 മാർച്ച് 1 വരെ
206	392	371	365	73

(സി) 2011 മേയ് മുതൽ (ഈ സർക്കാർ അധികാരത്തിൽ വന്നശേഷം) നാളിതുവരെ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ 12 സി.പി.ഐ.(എം) പ്രവർത്തകർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) സി.പി.ഐ.(എം) പ്രവർത്തകരെ കൊലപ്പെടുത്തിയ കേസുകളിൽ ഓരോ കേസിലെയും പ്രതികളുടെ രാഷ്ട്രീയ ബന്ധം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചന്ദ്രബോസിന്റെ കൊലപാതകം

219 (225) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാർ കയറ്റി കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly